LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികൾക്കും ആവശ്യമായ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും പ്രസ്തുത വകുപ്പുകളുടെ ഡയറക്ടർമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന വാർഷിക ഇൻഡന്റ് അനുസരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് ഇ-ടെൻഡർ നടപടിക്രമങ്ങളിലൂടെ സംഭരിച്ച് വിവിധ ജില്ലാ മരുന്ന് സംഭരണ ശാലകളിലൂടെ വിതരണം ചെയ്യുവരുന്നു. 2014-15 സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ മരുന്നുകളുടെ ഇൻഡന്റ് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽനിന്നും 2014 ജനുവരി 10-നും ആരോഗ്യ വകുപ്പിൽനിന്ന് 2014 ജനുവരി 28-നും ലഭിച്ചതനുസരിച്ച് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന്റെ നിർദ്ദേശാനുസരണം 2014 ജനുവരി 28-ന് ഇ-ടെൻഡർ ക്ഷണിച്ചുവെങ്കിലും 2014 മാർച്ച് 11-ന് കോർപ്പറേഷൻ റീ-ടെൻഡർ ക്ഷണിക്കുകയുണ്ടായി. കൂടാതെ താമസം നേരിട്ട ഈ കാലയളവിൽ ഏതെങ്കിലും അവശ്യമരുന്നുകൾക്ക് ക്ഷാമം ഉണ്ടായാൽ അത് ആശുപത്രി തലത്തിൽതന്നെ വാങ്ങി മരുന്നില്ലാത്ത സാഹചര്യം ഒഴിവാക്കണം എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ മനോരോഗ ചികിത്സ നടത്തുന്ന ആശുപത്രികളിൽ ഏതെങ്കിലും മരുന്നിന്റെ ലഭ്യതകുറവായാൽ (കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മനോരോഗ ചികിത്സയുള്ള മരുന്നുകൾ) ആശുപത്രിതലത്തിൽതന്നെ വാങ്ങി മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഡിസ്പെൻസറികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം

124 (816) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഡിസ്പെൻസറികളിൽ ഗുണനിലവാരം കുറഞ്ഞതും കേടുവന്നതുമായ മരുന്നുകൾ വിതരണം ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മേൽ വിഷയവുമായി ബന്ധപ്പെട്ട് വകുപ്പ് ആധികാരികൾക്കും സർക്കാരിനും എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം പരാതികളിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി&സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻമുഖേന സംഭരിച്ച് സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന ഏതെങ്കിലും മരുന്നുകളെക്കുറിച്ച് എന്തെങ്കിലും തരത്തിലുള്ള പരാതികൾ ഉണ്ടായാൽ പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗവും വിതരണവും നിർത്തിവയ്ക്കുവാനും ഈ വിവരം ആശുപത്രികളെ അറിയിക്കുവാനും ഉള്ള നിർദ്ദേശം അതാത് ജില്ലാ വെയർഹൗസുകൾക്ക് നൽകാറുണ്ട്. തുടർന്ന് പരാതി ഉയർന്ന ആശുപത്രിയിൽനിന്നും പരാതി ഉണ്ടായ ബാച്ചിൽപ്പെട്ട മരുന്ന് ശേഖരിച്ച് വിശദമായ പരിശോധനയ്ക്കായി അപ്പലേറ്റ് ലബോറട്ടറിയായ തിരുവനന്തപുരത്തുള്ള ഗവൺമെന്റ് ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുകയും ഇവിടെനിന്നും ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്.

ഹോമിയോ മെഡിക്കൽ കോളേജുകളിലെ തസ്തികകളുടെ സ്പെഷ്യൽ റൂൾ പരിഷ്കരണം

125 (817) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.സി.എച്ച്., യു.ജി.സി. എന്നിവയുടെ നിർദ്ദേശപ്രകാരം ഹോമിയോ മെഡിക്കൽ കോളേജുകളിലെ വിവിധ തസ്തികകളുടെ സ്പെഷ്യൽ റൂൾ പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ;

(ബി) സ്പെഷ്യൽ റൂൾ ഇല്ലാത്തതിനാൽ മെഡിക്കൽ കോളേജിലെ ടീച്ചിംഗ് ഉൾപ്പെടെയുള്ള തസ്തികകളിൽ നിയമനം നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതുവരെ നിർദ്ദിഷ്ട സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ എക്സ്കൈട്ടീവ് ഉത്തരവിലൂടെ സ്ഥിരനിയമനത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. സ്പെഷ്യൽ റൂൾ പരിഷ്കരിക്കുന്നതിന് കാലതാമസം ഉള്ളതിനാൽ എൻ.ടി. കേഡറിലുള്ള ലക്ചറർ/അസിസ്റ്റന്റ്/പ്രൊഫസർ തസ്തികയുടെ നിയമനത്തിന് എക്സ്കൈട്ടീവ് ഓർഡർ പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ കരട് പി.എസ്.സി.-യുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്.